പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 746      02/12/2015 ൽ മറുപടിക്ക്

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ

| | ചോദ്യം<br>ശ്രീ. വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ; | (എ) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഔട്ട് പേഷ്യന്റ് ചികിത്സയും (Referal Service) രോഗപ്രതിരോധ പ്രവർത്തനങ്ങളും ദേശീയ/ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളുമാണ് പ്രധാനമായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തി വരുന്നത്. പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ്സിൽ ഉൾപ്പെടുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട നടപടികളും ബോധവൽക്കരണ പരിപാടികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തി വരുന്നുണ്ട്. |
| (ബി) | ഇത്തരം സേവനങ്ങൾ യഥാസമയം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറും ജില്ലാ മെഡിക്കൽ ഓഫീസറുമാണ് സ്വീകരിക്കുന്നത്. പ്രതിമാസ റിപ്പോർട്ടുകൾ വഴിയും, അവലോകന യോഗങ്ങൾ വഴിയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ജില്ലാ തലത്തിൽ നിന്ന് സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ